48/DGE/HSE/NSS/2022


പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം
നാഷണൽ സർവ്വീസ് സ്കീം
(ഹയർ സെക്കന്ററി വിഭാഗം)
ഹൗസിങ് ബോർഡ് ബിൽഡിംഗ്
ശാന്തി നഗർ, തിരുവനന്തപുരം
04712323023
dhsensskerala@gmail.com


തീയതി : 06/08/2022

## സർക്കുലർ

**വിഷയം :** **എൻ.എസ്.എസ്. സപ്തദിനസഹവാസക്യാമ്പ് -സംബന്ധിച്ച്**

**സൂചന :** **1)എൻ.എസ്.എസ്. റീജിയണൽ ഡയറക്ടറുടെ 04/08/2022 ലെ F.No.1-1/Special camp/NSS/Kerala/2022 നമ്പർ കത്ത്**
**2) സ്റ്റേറ്റ് എൻ.എസ്.എസ്. ഓഫീസറുടെ 04/08/2022 ലെ A2/743/2020/NSS/Kerala/2022 തീയതി 05/08/2022**
**3) 48/DGE/HSE/NSS/2022 തീയതി 05/08/2022**

### 'സ്വാതന്ത്ര്യാമൃതം - 2022'-

### സപ്തദിന സഹവാസക്യാമ്പ്

### സൂക്ഷ്മതല നിർവ്വഹണ നിർദ്ദേശങ്ങൾ

ഹയർസെക്കന്ററി നാഷണൽ സർവ്വീസ് സ്കീം 'സ്വാതന്ത്ര്യാമൃതം-2022' സപ്ത ദിന സഹവാസക്യാമ്പുകൾ സംഘടിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് പാലിക്കേണ്ട നിർദ്ദേശങ്ങൾ ചുവടെചേർക്കുന്നു.

1. 'സ്വാതന്ത്ര്യാമൃതം-2022' ന്റെ നടത്തിപ്പിനായി യൂണിറ്റ് തല സംഘാടക സമിതിരൂപീകരിക്കേണ്ടതാണ്. യൂണിറ്റ്തല ഉപദേശകസമിതിയംഗങ്ങളോടൊപ്പം ജനപ്രതിനിധികൾ, ആരോഗ്യവകുപ്പുദ്യോഗസ്ഥർ, പൊതുപ്രവർത്തകർ, സാംസ്ക്കാരിക പരിസ്ഥിതി പ്രവർത്തകർ മുതലായവരെകൂടി സമിതിയിൽ ഉൾപ്പെടുത്തി ജനകീയ പങ്കാളിത്തം ഉറപ്പാക്കേണ്ടതാണ്.

   സംഘാടകസമിതിയുടെ തീരുമാനങ്ങൾ യൂണിറ്റ് ഉപദേശകസമിതിയുടെ മിനിട്സ് ബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്.

2. ക്യാമ്പിന്റെ ആരംഭദിവസം രജിസിട്രേഷൻ നടത്തുകയും ഉചിതമായരീതിയിൽ ഉദ്ഘാടന സമ്മേളനം നടത്തുകയും ചെയ്യേണ്ടതാണ്.

3. ക്യാമ്പ് ബാനറുകളുടെ സോഫ്റ്റ് കോപ്പി എൻ.എസ്.എസ്. സെൽ തയ്യാറാക്കി നൽകും. ആയത് സ്കൂളിന്റെ പേര് തീയതി എന്നിവ കൂട്ടിച്ചേർത്ത് തുണിയിൽ പ്രിന്റ് ചെയ്ത് ഉപയോഗിക്കാം.

   സ്കൂൾ കവാടത്തിലും ഓഡിറ്റോറിയത്തിലുമായി രണ്ടു ബാനറുകൾ ക്രമീകരിക്കേണ്ടതാണ്.

4. 'സ്വാതന്ത്ര്യാമൃതം -2022' കാര്യപരിപാടികൾ വിവിധ സെഷനുകൾ ഉദ്ഘാടന, സമാപനസമ്മേളനങ്ങൾ എന്നിവ വിശദമാക്കുന്ന അച്ചടിച്ച നോട്ടീസ് തയ്യാറാക്കേണ്ടതും ക്യാമ്പിനു മുൻപായി എൻ.എസ്.എസ്. സെല്ലിലേക്ക് ജില്ലാകൺവീനർമാർ വശം നൽകേണ്ടതുമാണ്. ക്യാമ്പ് നോട്ടീസിൽ സമയക്രമം സൂചിപ്പിച്ചാണ് തയ്യാറാക്കേണ്ടത്. ക്യാമ്പിലേക്കുള്ള റൂട്ട്മാപ്പ് നൽകിയിരിക്കണം.

5. ക്യാമ്പിൽ പങ്കെടുക്കുന്ന വോളന്റിയർമാരുടെ രക്ഷാകർത്താക്കളുടെ യോഗം വിളിച്ചുചേർത്ത് ക്യാമ്പ് നടത്തിപ്പ് സംബന്ധിച്ച വിശദാംശങ്ങൾ അവരെ ബോധ്യപ്പെടുത്തുകയും അവരുടെ ഒപ്പോടുകൂടിയ സമ്മതപത്രം വാങ്ങി സൂക്ഷിക്കുകയും ചെയ്യേണ്ടതാണ്.

6. ഗ്രാമപഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ/പോലീസ്/ആശുപത്രി ജനപ്രതിനിധികൾ ക്യാമ്പ് പ്രദേശത്തെ പ്രമുഖ വ്യ.ക്തികൾ എന്നിവരെ സ്പെഷ്യൽ ക്യാമ്പ് മുൻകൂട്ടി അറിയിക്കേണ്ടതാണ്. സമീപത്തുള്ള പോലീസ് സ്റ്റേഷന്റെയും ആശുപത്രിയുടെയും ഫോൺ നമ്പർ അടക്കമുള്ള വിവരങ്ങൾ ക്യാമ്പിൽ പ്രദർശിപ്പിക്കേണ്ടതാണ്.

7. സ്പെഷ്യൽ ക്യാമ്പിൽ പങ്കെടുക്കുന്ന വോളന്റിയർമാരുടെ സുരക്ഷിതത്തവം ഉറപ്പുവരുത്തുന്നതിനുള്ള ചുമതല പ്രിൻസിപ്പളിനും പ്രോഗ്രാം ഓഫീസറിനുമായിരിക്കും. **പ്രോഗ്രാം ഓഫീസർ മുഴുവൻ സമയവും ക്യാമ്പിൽ പങ്കെടുക്കേണ്ടതാണ്.** കാലാവധി പൂർത്തിയാക്കിയ പി.ഓ. മാർക്ക് അത്ജീവനം-2022 ന്റെ സ്പെഷ്യൽ ക്യാമ്പ് പൂർത്തീകരണത്തിന് ശേഷം മാത്രമേ പ്രിൻസിപ്പൽമാർ ചുമതലയിൽ നിന്നും വിടുതൽ നൽകേണഅടതുള്ളൂ.

8. സ്പെഷ്യൽ ക്യാമ്പിൽ അധ്യാപികമാരുടെയും അധ്യാപകരുടെയും സാന്നിദ്ധ്യവും സഹകരണവും പ്രിൻസിപ്പൽമാർ പ്രത്യേകം ഉറപ്പുവരുത്തേണ്ടതാണ്. അദ്ധ്യാപകരുടെ ക്യാമ്പ് ഡ്യൂട്ടി ലിസ്റ്റ് ക്യാമ്പിൽ പ്രദർശിപ്പിക്കേണ്ടതാണ്.

9. എൻറോൾമെന്റ് ലിസ്റ്റിൽ ഉൾപ്പെട്ട വോളന്റിയർമാർ മാത്രമേ ക്യാമ്പിൽ പങ്കെടുക്കുന്നുള്ളൂ എന്ന് പ്രിൻസിപ്പലും പ്രോഗ്രാം ഓഫീസറും ഉറപ്പാക്കണം.

10. ക്യാമ്പ് പ്രൊപ്പോസൽ, സംബന്ധിച്ച ഗൂഗിൾ ഫോം ലിങ്ക് ജില്ലാകൺവീനർമാർ വഴി നൽകുന്നതാണ് ടി പ്രൊപ്പോസൽ ആഗസ്റ്റ് 9 നു മുമ്പായി പ്രോഗ്രാം ഓഫീസർ പൂരിപ്പിച്ച് സമർപ്പിക്കേണ്ടതാണ്.

11. ക്യാമ്പ് പ്രവർത്തനങ്ങളുടെ സുഗമമായ നടത്തിപ്പിനായി ക്യാമ്പംഗങ്ങൾ, പ്രിൻസിപ്പാൾ, പി.എ.സി. അംഗം, രക്ഷകർത്താക്കൾ, അദ്ധ്യാപകപ്രതിനിധികൾ, ഉപദേശ

കസമിതിയംഗങ്ങൾ എന്നിവരെ ഉൾപ്പെടുത്തി വാട്സ്ആപ് ഗ്രൂപ്പ് രൂപീകരിക്കേണ്ട താണ്. ക്യാമ്പ് പ്രവർത്തനങ്ങൾ സംബന്ധിച്ച നിർദ്ദേശങ്ങൾ പ്രവർത്തനങ്ങളുടെ ഫോട്ടോ എന്നിവ ഗ്രൂപ്പിൽ പങ്കുവയ്ക്കാവുന്നതാണ്. ക്യാമ്പ് സമാപിക്കുന്നതോടെ ഗ്രൂപ്പ് പിരിച്ചുവിടേണ്ടതാണ്.

12. സ്പെഷ്യൽ ക്യാമ്പുമായി ബന്ധപ്പെട്ട് പഠനയാത്രകൾ, ട്രക്കിംഗ്, ക്യാമ്പ് ഫയർ എന്നിവ നടത്താൻ പാടില്ല.

13. അപകടകരമായ രീതിയിൽ പ്രവർത്തനങ്ങളിൽ ഏർപ്പെടാൻ വോളന്റിയർമാരെ അനുവദിക്കരുത്. വെള്ളം, വൈദ്യുതി എന്നിവയുടെ കാര്യത്തിൽ വളരെ ശ്രദ്ധ വേണം.

    നദി, കുളം, കനാൽ, തോട് എന്നിവിടങ്ങളിൽ കുളിക്കാനോ മറ്റാവശ്യങ്ങൾക്കോ വോളന്റിയർമാർക്ക് അനുവാദം നൽകരുത്.

14. ക്യാമ്പിൽ പങ്കെടുക്കുന്ന വോളന്റിയർമാർ, ഡ്യൂട്ടിയിലുള്ള അദ്ധ്യാപകർ, ക്ഷണിക്കപ്പെട്ട വ്യക്തികൾ, എൻ.എസ്.എസ്. ഓഫഈസർമാർ എന്നിവർക്കല്ലാതെ ആർക്കും ക്യാമ്പിൽ പ്രവേശനമില്ല. പുറമേ നിന്നുള്ള യാതൊരുവിധ കലാപരിപാടികളും അനുവദനീയമല്ല.

15. ക്യാമ്പ് സമയത്ത് യാതൊരുവിധ ആവശ്യങ്ങൾക്കും വോളന്റിയർമാരെ വാഹനങ്ങൾ ഉപയോഗിക്കാൻ അനുവദിക്കരുത്.

16. 2 അദ്ധ്യാപകർ, 2 അദ്ധ്യാപികമാർ എന്നിവർ ദിവസേനയും ക്യാമ്പ് ഡ്യൂട്ടിയിൽ ഉണ്ടായിരിക്കണം.

17. സാമൂഹിക പ്രവർത്തനങ്ങളിൽ പങ്കെടുക്കാൻ ക്യാമ്പിന് പുറത്തുപോകുമ്പോൾ ഗ്രൂപ്പായി മാത്രമേ വോളന്റിയർമാരെ നിയോഗിക്കാവൂ. പ്രവർത്തനം കഴിഞ്ഞ് എല്ലാവരും ക്യാമ്പിൽ എത്തി എന്ന് പ്രോഗ്രാം ഓഫീസർ ഉറപ്പുവരുത്തേണ്ടതാണ്. ക്യാമ്പിലും ക്യാമ്പിനു പുറത്തും വോളന്റിയർമാർ എൻ.എസ്.എസ്. ന്റേതായ അച്ചടക്കം പാലിക്കേണ്ടതാണ്.

18. എല്ലാ ക്യാമ്പുകളിലും ആവശ്യം വേണ്ട ഫസ്റ്റ് എയ്ഡ് കിറ്റ് സൂക്ഷിക്കേണ്ടതാണ്. ശാരീരികമായ എന്തെങ്കിലും അവശതകളോ അത്യാഹിതമോ ക്യാമ്പിലെ വോളന്റിയർമാർക്ക് ഉണ്ടാവുകയാണെങ്കിൽ ഉടനടി വൈദ്യസഹായം ലഭ്യമാക്കേണ്ടതാണ്.

19. വോളന്റിയർമാരെ 6 ഗ്രൂപ്പുകളായി തിരിക്കണം. (1. Mess Committee (2) Programme Committee (3) Project Committee, Cultural Programme & General Discipline Committee (5) Documentation Committee (6) Reception Committee) ഓരോ ഗ്രൂപ്പിലും 8 വീതം അംഗങ്ങൾ ഉണ്ടായിരിക്കണം. (6x8=48) വോളന്റിയർ ലീഡർമാരായ രണ്ടുപേർ പൊതുവായ ഏകോപന ചുമതല നിർവ്വഹിക്കണം. ഓരോ ഗ്രൂപ്പിനും ഓരോ ലീഡർമാർ തെരഞ്ഞെടുക്കണം. ഓരോ ദിവസവും ഗ്രൂപ്പുകൾക്ക് ചുമതല മാറ്റി നൽകേണ്ടതാണ്. അതാത് ദിവസത്തെ ക്യാമ്പ് വിലയിരുത്തൽ പാർലമെന്ററി രീതിയിൽ സംഘടിപ്പിക്കേണ്ടതാണ്.

## ‘സ്വാതന്ത്ര്യാമൃതം-2022’ - കർമ്മപദ്ധതികൾ

2021-23 അദ്ധ്യയനവർഷത്തെ രണ്ടാംവർഷ ഹയർസെക്കന്ററി വോളന്റിയർമാർക്ക് വേണ്ടിയുള്ള സപ്തദിനക്യാമ്പ് 2022 ആഗസ്റ്റ് 12 മുതൽ 18 വരെയുള്ള തീയതികളിലായി യൂണിറ്റുതലത്തിൽ സംഘടിപ്പിക്കേണ്ടതാണ്. കോവിഡ് വ്യാപന സാഹചര്യം മുൻനിർത്തി മാറ്റിവച്ച സപ്തദിനക്യാമ്പുകൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനും വോളന്റിയർമാർക്ക് എൻ.എസ്.എസ്. മാനുവൽ പ്രകാരമുള്ള സഹവാസ ക്യാമ്പ് അനുഭവം ലഭ്യമാക്കുന്നതിനും ലക്ഷ്യമിട്ടാണ് ക്യാമ്പ് ക്രമീകരണങ്ങൾ നടത്തിയിട്ടുള്ളത്. ക്യാമ്പിന്റെ സംഘാടനവുമായി ബന്ധപ്പെട്ട് നടപ്പിലാക്കേണ്ട പ്രധാന പദ്ധതികൾ ചുവടെ ചേർക്കുന്നു.

1. **ഒന്നാം ദിവസം 12.08.2022 വെള്ളി**

**ക്യാമ്പ് ഉദ്ഘാടനം**

**‘കല്പകം’** - ‘സ്വാതന്ത്ര്യാമൃതം -2022’ സപ്തദിന സഹവാസക്യാമ്പിന്റെ ഉദ്ഘാടനത്തോടനുബന്ധിച്ച് കുറഞ്ഞത് 5 തെങ്ങിൻതൈകൾ ക്യാമ്പ് സംഘടിപ്പിക്കുന്ന വിദ്യാലയത്തിലോ ഹരിത ഗ്രാമത്തിലോ നട്ടുപിടിപ്പിക്കേണ്ടതാണ്.

**‘ഹർ ഘർ തിരംഗ’**

ഭാരതത്തിന്റെ 75-ാം സ്വാതന്ത്ര്യദിനത്തോടനുബന്ധിച്ച് നടപ്പിലാക്കുന്ന ‘ഹർ ഘർ തിരംഗ’ പദ്ധതിപ്രകാരം ഓരോ എൻ.എസ്.എസ്. യൂണിറ്റും കുറഞ്ഞത് 100 ദേശീയപതാകകൾ നിർമ്മിക്കുകയും ക്യാമ്പിംഗ് പ്രദേശത്തെ നൂറുവീടുകളിൽ വിതരണം ചെയ്യുകയും ചെയ്യുക.

2022 ആഗസ്റ്റ് 13 മുതൽ 15 വരെയുള്ള തീയതികളിൽ വീടുകളിൽ പതാകഉയർത്താനുള്ള ആഹ്വാനവും നൽകേണ്ടതാണ്.

16’x24’ എന്ന അളവിൽ പതാകകൾ നിർമ്മിക്കാവുന്നതാണ്. എന്നാൽ ഏതളവിലുള്ള പതാകകൾ നിർമ്മിച്ചാലും 3:2 അനുപാതം അനുവർത്തിക്കേണ്ടതാണ്. ദേശീയപതാകയുടെ അന്തസ് നിലനിർത്തികൊണ്ടുവേണം എല്ലാ പ്രക്രിയകളിലും വോളന്റിയർമാരും പ്രോഗ്രാം ഓഫീസർമാരും പങ്കെടുക്കേണ്ടത്.

പതാക കൈമാറലിന്റെ ഉദ്ഘാടനം ക്യാമ്പിംഗ് പ്രദേശത്തെ ജനപ്രതിനിധികളെ ഉൾപ്പെടുത്തികൊണ്ട് നിർവ്വഹിക്കേണ്ടതാണ്.

2. **രണ്ടാം ദിവസം 13.08.2022 ശനി**

**‘സുസ്ഥിരാരോഗ്യം’** - ഈ പദ്ധതിയുടെ ഭാഗമായി ഹരിതഗ്രാമത്തിൽ ആരോഗ്യപ്രവർത്തകരുടെ സഹകരണത്തോടെ പൂർത്തിയാക്കേണ്ട പ്രവർത്തനങ്ങൾ.

എ) ഡ്രൈഡേ ആചരണം.

ബി) പകർച്ചവ്യാധികൾക്കെതിരെ ബോധവൽക്കരണ ലഘുലേഖകൾ തയ്യാറാക്കി വിതരണം ചെയ്യൽ.

സി) 20 കിണറുകളുടെ ക്ലോറിനേഷൻ.

ക്യാമ്പിംഗ് പ്രദേശത്തെ പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളുമായി ചേർന്ന് പ്രവർത്തന ങ്ങൾ സംഘടിപ്പിക്കണം.

**'ഫ്രീഡംവാൾ'**

സംസ്ഥാന എൻ.എസ്.എസ്. സെൽ രൂപം നൽകിയ 'ഫ്രീഡം വാൾ' പ്രവർത്തന ത്തിന്റെ ഭാഗമായി ഭാരതത്തിന്റെ സ്വാതന്ത്ര്യ സമരചരിത്രവുമായി ബന്ധപ്പെട്ട മഹത് വ്യക്തികൾ, പ്രധാനസംഭവങ്ങൾ, പ്രാദേശിക മുന്നേറ്റങ്ങൾ എന്നിവ ചിത്രങ്ങളായി വിദ്യാലയത്തിന്റെ ചുവരിൽ ആലേഖനം ചെയ്യുന്ന പ്രവർത്തനം നടത്തുക.

ചിത്രങ്ങളും ആശയങ്ങളും ആലേഖനം ചെയ്യുന്നതിനു മുമ്പ് ജില്ലാ കൺവീനറുടെ നേതൃത്വത്തിൽ പി.എ.സി.തല അംഗീകാരം വാങ്ങിയിട്ടുണ്ട് എന്ന് ഉറപ്പാക്കേണ്ടതാണ്.

രണ്ടാം ദിനത്തിൽ ആരംഭിക്കുന്ന ഈ പദ്ധതി ക്യാമ്പിന്റെ സമാപനത്തോടെ പൂർത്തി യാക്കുകയും സെപ്റ്റംബർ 24 എൻ.എസ്.എസ്. ദിനത്തിൽ സംസ്ഥാന കാമ്പയിൻ എന്ന നിലയിൽ സമർപ്പണം നടത്തുകയും ചെയ്യേണ്ടതുണ്ട്.

3. **മൂന്നാം ദിവസം 14.08.2022**

**'സമൂഹോദ്യാനം'** : ക്യാമ്പിംഗ് പ്രദേശത്തെ അനുയോജ്യമായ ഒരു പൊതുസ്ഥലം തിരഞ്ഞെടുത്ത് വോളന്റിയർമാർ അലങ്കാരസസ്യങ്ങൾ (പ്രാദേശികമായി ലഭ്യമായ നാടൻ ഇനങ്ങളായ ചെമ്പരത്തി, രാജമല്ലി, നന്ത്യാർവട്ടം മുതലായവ) വച്ച് മനോഹ രമാക്കുക.

**'സന്നദ്ധം'** - അഗ്നിശമന സേനാവിഭാഗമോ മറ്റ് ഔദ്യോഗിക സംവിധാനങ്ങളു മായോ കൂടിച്ചേർന്ന് ദുരന്തനിവാരണ പ്രഥമശുശ്രൂഷാപരിശീലന പരിപാടി സംഘ ടിപ്പിക്കുക.

4. **നാലാം ദിവസം 15.08.2022**

**സ്വാതന്ത്ര്യദിനം**

സ്വാതന്ത്ര്യദിനറാലി - ഭാരതത്തിന്റെ 75-ാം സ്വാതന്ത്ര്യദിനാഘോഷത്തോടനുബ ന്ധിച്ച് ഓരോ ക്യാമ്പിലും പ്രദേശവാസികളെകൂടി പങ്കെടുപ്പിച്ചുകൊണ്ടുള്ള സ്വാത ന്ത്ര്യദിനറാലി സംഘടിപ്പിക്കേണ്ടതാണ്.

സ്വാതന്ത്ര്യദിനസന്ദേശം ഉൾക്കൊള്ളുന്ന പ്ലക്കാർഡുകൾ, ദേശീയപതാകയുടെ ചെറു മാതൃകകൾ, നിശ്ചലദൃശ്യങ്ങൾ, മുദ്രാവാക്യങ്ങൾ, ഭാരതത്തിന്റെ സാംസ്കാരിക വൈവിധ്യങ്ങളെയും മതേതരത്വത്തെയും വിളിച്ചോതുന്ന വേഷവിധാനങ്ങൾ, ദേശ ഭക്തിഗാനങ്ങൾ എന്നിവ ഉചിതമായി ഉൾപ്പെടുത്തി റാലിയും സമ്മേളനവും സംഘ ടിപ്പിക്കാവുന്നതാണ്.

**'സ്വാതന്ത്ര്യസമരചരിത്രസംഗമം'**

ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിന്റെ ഉന്നതാദർശങ്ങൾ പുതുതലമുറയ്ക്ക് പകർന്നു നൽകത്തക്കവിധം ഉചിതമായ മുന്നൊരുക്കങ്ങളോടെയാകണം പ്രസ്തുത പരിപാടി സംഘടിപ്പിക്കേണ്ടത്.

5. **അഞ്ചാം ദിവസം 16.08.2022**

**'സ്വച്ഛത പക്‌വാഡ പ്രോഗ്രാം'**

സർക്കുലർ പ്രകാരമുള്ള 'സ്വച്ഛത പക്‌വാഡ'പ്രവർത്തനങ്ങളുടെ തുടർച്ചയായി ക്യാമ്പിംഗ് പരിസരവും വിദ്യാലയവും ശുചിയാക്കുക, മോടിപിടിപ്പിക്കുക, ഫലവൃക്ഷത്തൈകൾ നട്ടുപിടിപ്പിക്കൽ, ക്യാമ്പസിൽ നിലവിലുള്ള വൃക്ഷങ്ങളുടെ ശാസ്ത്രീയ നാമം എഴുതി പ്രദർശിപ്പിക്കൽ, ശലഭോദ്യാനനിർമ്മാണം, സ്കൂൾ പരിസരത്തെ ട്രാഫിക് ബോർഡുകൾ വൃത്തിയാക്കൽ, പൊതുഇട ശുചീകരണ പരിപാടി തുടങ്ങിയ പ്രവർത്തനങ്ങൾ സംഘടിപ്പിക്കാവുന്നതാണ്.

**ഗാന്ധിസ്മൃതി സംഗമം**

ഗാന്ധിയൻ ജീവിതരീതി, ഗാന്ധിയൻ ആശയങ്ങൾ തുടങ്ങിയവ വിദ്യാർത്ഥികൾക്ക് പരിചയപ്പെടാനുതകുംവിധമുള്ള പ്രഭാഷണങ്ങൾ, ചർച്ചാക്യാമ്പുകൾ, പ്രദർശനങ്ങൾ തുടങ്ങിയവ ഈ പ്രവർത്തനത്തിന്റെ ഭാഗമായി സംഘടിപ്പിക്കാവുന്നതാണ്.

6. **ആറാം ദിവസം 17.08.2022**

**'കാർഷികപെരുമ' - കർഷക ദിനാഘോഷം**

കർഷകദിനാചരണവുമായി ബന്ധപ്പെട്ട് ക്യാമ്പിംഗ് പ്രദേശത്തെ കുറഞ്ഞത് അഞ്ച് കർഷകരെ ആദരിക്കുകയും അവരുടെ അനുഭവസമ്പത്ത് വോളന്റിയർമാർക്ക് പകർന്നു നൽകത്തക്കവിധത്തിലുള്ള ഒരു കൂടിയിരിപ്പ് സംഘടിപ്പിക്കുകയും ചെയ്യുക.

ചുരുങ്ങിയത് 25 പച്ചക്കറി തൈകൾ നട്ടുകൊണ്ട് സ്കൂൾ അങ്കണത്തിൽ ഒരു കൃഷിയിടം കർഷകദിനാചരണത്തിന്റെ ഭാഗമായി ഒരുക്കേണ്ടതാണ്.

**'സ്നേഹസാമീപ്യം'**

ക്യാമ്പിംഗ് സ്കൂളിനു സമീപത്തുള്ള വൃദ്ധ,രോഗി, സാധുപരിപാലനകേന്ദ്രങ്ങൾ, ഭിന്നശേഷി വിഭാഗത്തിൽപ്പെട്ട വ്യക്തികളെ പരിപാലിക്കുന്ന സ്ഥലങ്ങൾ, മഹിളാ സമത്വ സൊസൈറ്റിയുടെ കീഴിലുള്ള കേന്ദ്രങ്ങൾ തുടങ്ങിയ പ്രത്യേക പരിഗണയർഹിക്കുന്ന ഇടങ്ങൾ സന്ദർശിക്കുകയും അന്തേവാസികൾക്ക് ആവശ്യമായ സഹായങ്ങൾ എത്തിക്കുകയും അവരുമായി ഇടപഴകാൻ അവസരംകൊടുക്കുകയും ചെയ്യുന്ന പ്രവർത്തനങ്ങൾ.

7. **ഏഴാം ദിവസം 18.08.2022**

യൂണിറ്റ്തലത്തിൽ വിഭാവനം ചെയ്യുന്ന തനത്പരിപാടികൾ

**ക്യാമ്പിൽ നടപ്പിലാക്കേണ്ട ഓറിയന്റേഷൻ പ്രവർത്തനങ്ങൾ**

1. ലഹരിവിരുദ്ധ ബോധവൽക്കരണം
2. 'സമദർശൻ' ലിംഗത്വപരിപാടി
3. 'സമത്വമേവജയതേ' - വ്യാജവാർത്തകൾക്കെതിരെയുള്ള ജാഗ്രത
4. നിയമ/ഭരണഘടനാ സാക്ഷരത

തുടങ്ങിയ ബോധവൽക്കരണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കേണ്ടതാണ്.

പൊതുവിദ്യാഭ്യാസ ഡയറക്ടർ, ജോയിന്റ് ഡയറക്ടർ, എൻ.എസ്.എസ്. റീജിയണൽ ഡയറക്ടർ, സ്റ്റേറ്റ് എൻ.എസ്.എസ്. ഓഫീസർ, ഹയർ സെക്കന്ററി ഡെപ്യൂട്ടി ഡയറക്ടർമാർ, റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർമാർ, സ്റ്റേറ്റ് എൻ.എസ്.എസ്. സെല്ലിലെ ഉദ്യോഗസ്ഥർ, റീജിയണൽ പ്രോഗ്രാം കൺവീനർമാർ, ജില്ലാ കൺവീനർമാർ, പി.എ.സി. അംഗങ്ങൾ, സംസ്ഥാന ഉപദേശകസമിതി അംഗങ്ങൾ എന്നിവർ ക്യാമ്പ് സന്ദർശിക്കുന്നതാണ്.

ഏവർക്കും സന്തോഷപ്രദവും പ്രയോജനപ്രദവുമായ ഒരു സപ്തദിന ക്യാമ്പ് ആശംസിക്കുന്നു.

പ്രോഗ്രാം കോ-ഓർഡിനേറ്റർ